മലയാള മനോരമ
ESTABLISHED 1888
**02 February 2020**

# ചാകര കാത്ത് മത്സ്യമേഖല

കൊച്ചി ● മൽസ്യമേഖലയുടെ വളർച്ച ലക്ഷ്യമിടുന്ന പദ്ധതികൾ ബജറ്റിലുണ്ടെന്നു വിലയിരുത്തൽ. പ്രതീക്ഷിക്കുന്ന മത്സ്യോൽപാദനവർധന നേടാനായാൽ കയറ്റുമതി കൂടും; ഒപ്പം വരുമാനവും. ഭക്ഷ്യഭദ്രത, ദാരിദ്ര്യനിർമാർജനം, കാലാവസ്ഥ വ്യതിയാനം ചെറുക്കാൻ കർമപരിപാടികൾ തുടങ്ങി യുഎന്നിന്റെ സുസ്ഥിരവികസന ലക്ഷ്യങ്ങൾ അടിസ്ഥാനമാക്കിയ പദ്ധതികളുമുണ്ട്.



വർധിച്ചുവരുന്ന ഉപഭോഗത്തിന് അനുസൃതമായി ഉൽപാദനം കൂട്ടേണ്ടതിന്റെ ആവശ്യം തിരിച്ചറിഞ്ഞുള്ള പദ്ധതികളുണ്ട്. പ്രധാനമന്ത്രി മൽസ്യ സമ്പാദന യോജന പദ്ധതിയിലൂടെ 3,737 കോടി രൂപയുടെ അധിക ഉൽപാദനമാണ് ലക്ഷ്യമിടുന്നത്. കൂടുമത്സ്യകൃഷി, കടൽപായൽ ഉൽപാദനം എന്നിവ വർധിപ്പിക്കാൻ തുക വകയിരുത്തി. ഇതുവഴി സ്ത്രീകൾക്കു കൂടുതൽ തൊഴിലവസരവും പ്രതീക്ഷിക്കുന്നു. കയറ്റുമതിക്കു പുറമേ, ആഭ്യന്തരവിപണി കൂടി ലക്ഷ്യമാക്കിയുള്ള കടൽപായൽ കൃഷിക്കാണ് ഊന്നൽ.



“ കൂടുമത്സ്യകൃഷി വ്യാപകമാകുന്നതോടെ മത്സ്യോൽപാദന വർധന പ്രതീക്ഷിക്കാം. സാഗർമിത്ര എന്ന പദ്ധതി കടലോര മേഖലയിലുള്ള യുവജനങ്ങളെ ഈ രംഗത്തേക്ക് ആകർഷിക്കാൻ സഹായിക്കും. കാർഷിക രംഗത്തെന്നപോലെ മത്സ്യകർഷക ഉൽപാദന കൂട്ടായ്മകൾ ഈ മേഖലയെ കൂടുതൽ ജനകീയമാക്കും.

**ഡോ. എ. ഗോപാലകൃഷ്ണൻ**
ഡയറക്ടർ, സിഎംഎഫ്ആർഐ



“ മൽസ്യബന്ധനമേഖലയിലെ 1.4 കോടി യുവാക്കൾക്ക് തൊഴിലവസരം ലക്ഷ്യമിടുക വഴി തീരമേഖലയിലെ യുവാക്കളും മറ്റു മേഖലകളിലെ യുവാക്കളുമായുള്ള സാമ്പത്തിക അസമത്വം കുറയ്ക്കാനാകും. മൽസ്യമേഖലയിലെ വിഭവങ്ങളുടെ സുസ്ഥിരതയ്ക്ക് ഊന്നൽ നൽകുന്ന ആദ്യ കേന്ദ്രബജറ്റ് ആണിത്.

**ഡോ. എ. രാമചന്ദ്രൻ, വൈസ് ചാൻസലർ**
കേരള ഫിഷറീസ് സർവകലാശാല